2026
AUGUST
11
TUESDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

www.societytodaynews.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ഇലക്ട്രിക് വാഹന വിപണിയിലെ കുതിപ്പ്

# നാല് വർഷത്തിനുള്ളിൽ ഒരുങ്ങുന്നത് നാല് കോടി തൊഴിലവസരങ്ങൾ

**ന്യൂദൽഹി:**അവിശ്വസനീയമായ കുതിപ്പാണ് ഇന്ത്യയുടെ ഇലക്ട്രിക് വാഹന മേഖലയിൽ ഉണ്ടായിരിക്കുന്നത്. ഏറ്റവും ഒടുവിലെ കണക്കുകൾ പരിശോധിച്ചാൽ ഇക്കഴിഞ്ഞ ജൂലായ് മാസത്തിൽ 2025 ജൂലായിലെ അപേക്ഷിച്ച് 66 ശതമാനത്തിന്റെ കുതിപ്പാണ് ഉണ്ടായിരിക്കുന്നത്. ഇലക്ട്രിക് വാഹന മേഖലയിൽ ഉണ്ടാകുന്ന ഈ കുതിപ്പ് തൊഴിൽ മേഖലയിലും പ്രതിഫലിക്കുമെന്നാണ് അഡെക്കോ ഇന്ത്യയുടെ റിപ്പോർട്ടിൽ പറയുന്നത്.

അഡെക്കോ ഇന്ത്യയുടെ റിപ്പോർട്ട് അനുസരിച്ച് 2030ഓടെ ഇലക്ട്രിക് വാഹന മേഖലയുമായി ബന്ധപ്പെട്ട് മൂന്ന് കോടി മുതൽ നാല് കോടി വരെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് വിലയിരുത്തൽ. ഇലക്ട്രിക് വാഹനങ്ങളുടെ ബാറ്ററി നിർമാണം, ചാർജിങ് സംവിധാനങ്ങൾ ഒരുക്കൽ, ഫ്ളീറ്റ് ഓപ്പറേഷൻസ്, സോഫ്റ്റ്വെയർ വികസിപ്പിക്കൽ, വാഹന സർവീസ്, ബാറ്ററി റീസൈക്കിളിങ് തുടങ്ങി വിവിധ മേഖലകളിലായിരിക്കും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നത്.



ഈ മേഖലകളിലെ നിയമനങ്ങളിൽ പ്രതിവർഷം 15 മുതൽ 20 ശതമാനത്തിന്റെ വരെ വർധനവ് സംഭവിക്കും. പ്രത്യേകം വൈദഗ്ധ്യം ആവശ്യമുള്ള ജോലികളുടെ കാര്യത്തിൽ 35 ശതമാനം വരെ തൊഴിൽ അവസരങ്ങൾ വർധിക്കും. നാല് കോടിയോളം വരുന്ന തൊഴിൽ അവസരങ്ങളിൽ 15 ശതമാനം വരെ മാത്രമായിരിക്കും നേരിട്ട് ഇലക്ട്രിക് വാഹന ഫാക്ടറികളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നത്. ശേഷിക്കുന്ന 85 ശതമാനവും ഇ.വി. അനുബന്ധ തൊഴിലുകൾ ആയിരിക്കും. ഇന്ത്യയിലെ ഇലക്ട്രിക് വാഹന മേഖല അതിവേഗത്തിലുള്ള വളർച്ചയ്ക്കാണ് സാക്ഷ്യം വഹിക്കുന്നത്. സർക്കാരിന്റെ പിഎം ഇഡ്രൈവ് കണക്ക് അനുസരിച്ച് 2025-26 കാലയളവിൽ 12.6 ലക്ഷം ഇലക്ട്രിക് വാഹനങ്ങളാണ് ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇലക്ട്രിക് വാഹനങ്ങളിലെ കുതിപ്പ് വർധിക്കുന്ന സാഹചര്യത്തിൽ തൊഴിൽ അവസരങ്ങളും ഇതിന് ആനുപാതികമായി വർധിക്കുമെന്നാണ് റിപ്പോർട്ട്.വാഹന നിർമാണം, റിസേർച്ച് ആൻഡ് ഡെവലപ്പ്മെന്റ് ഉൾപ്പെടെയുള്ള വിഭാഗങ്ങളിലേക്ക് ഓട്ടോമൊബൈൽ എൻജിനീയർമാരെ കമ്പനികൾക്ക് ലഭിച്ചേക്കാം. എന്നാൽ, ബാറ്ററികൾ, പവർ ഇലക്ട്രോണിക്സ്, സോഫ്റ്റ്വെയർ, ചാർജിങ് സിസ്റ്റം, കണക്ടഡ് കാർ സാങ്കേതികവിദ്യ തുടങ്ങിയ മേഖലയിൽ പ്രവർത്തിക്കുന്ന ആളുകളെയായിരിക്കും കമ്പനികൾ കൂടുതലായി കണ്ടേത്തേണ്ടി വരിക. ഈ വൈദഗ്ധ്യങ്ങൾ ഉള്ള ആളുകൾ താരതമ്യേന കുറവാണ്.

## ഇന്ത്യയിലെ നിയമങ്ങൾ പാലിക്കണം; മെറ്റയ്ക്ക് കേന്ദ്രസർക്കാർ നിർദേശം

**ന്യൂദൽഹി:** ആഗോളനയങ്ങൾക്കു പകരം ഇന്ത്യയിലെ നിയമങ്ങളും ചട്ടങ്ങളും പൂർണമായി പാലിച്ചുകൊണ്ടു മാത്രമേ ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ പ്ലാറ്റ്ഫോമുകൾക്ക് രാജ്യത്തു പ്രവർത്തിക്കാൻ കഴിയൂവെന്ന് ഉടമകളായ മെറ്റയ്ക്കു കേന്ദ്രസർക്കാരിന്റെ നിർദേശം.

ഡീപ്ഫേക്കുകൾ, പ്ലാറ്റ്ഫോം അൽഗോരിതങ്ങൾ, ഉള്ളടക്ക നിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട് മെറ്റയുമായി കേന്ദ്ര ഇലക്ട്രോണിക്സ് മന്ത്രാലയം നടത്തിവന്ന ചർച്ചകളിലാണു നിർദേശം മുന്നോട്ടുവച്ചത്. കുട്ടികൾക്കെതിരായ ലൈംഗികാതിക്രമ ഉള്ളടക്കങ്ങളോട് യാതൊരു വിട്ടുവീഴ്ചയും ഉണ്ടാകില്ലെന്നു സർക്കാർ വ്യക്തമാക്കി. ഇത്തരം ഉള്ളടക്കങ്ങൾ നീക്കം ചെയ്യാൻ ശക്തമായ പ്രതിരോധസംവിധാനം നടപ്പാക്കണമെന്നും മെറ്റയോട് ആവശ്യപ്പെട്ടു.

ഡീപ്ഫേക്കുകൾ കണ്ടെത്താൻ ഓട്ടോമേറ്റഡ് സംവിധാനങ്ങളെ ആശ്രയിക്കുന്നതിനു പകരം സംശയാസ്പദമായ കേസുകളിൽ മനുഷ്യന് നേരിട്ടു പരിശോധന നടത്താൻ സാധിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഉറപ്പാക്കണമെന്നും കേന്ദ്രം നിർദേശിച്ചു.

ഇതിനുപുറമെ ഒരിക്കൽ നീക്കം ചെയ്ത വ്യാജ ഉള്ളടക്കങ്ങളും പ്രൊഫൈലുകളും വീണ്ടും പ്രചരിക്കുന്നതു തടയാനും ഉപയോക്താക്കളുടെ താത്പര്യങ്ങൾക്കു വിരുദ്ധമായി അൽഗോരിതം വഴി ഇത്തരം ഉള്ളടക്കങ്ങൾ ശിപാർശ ചെയ്യുന്നത് ഇല്ലാതാക്കാനും മെറ്റയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## യുപിഐ ഇടപാട് സൗജന്യം തുടരും: ഫീസ് ഈടാക്കുക വ്യാപാരികളിൽനിന്ന്

**ന്യൂദൽഹി:** യുപിഐ സംവിധാനത്തിന്റെ നവീകരണത്തിനും സാങ്കേതിക മികവിനും വേണ്ടിയുള്ള സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുകയെന്നതാണ് ഭേദഗതിയുടെ ലക്ഷ്യം. പാർലമെന്റിൽ ബില്ല് പാസാകുന്നതോടെ എൻപിസിഐ ആയിരിക്കും ഇതുസംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുക.




യുപിഐ ഇടപാടുകളിൽ ഉപഭോക്താക്കൾക്കുള്ള സൗജന്യം തുടരുമെന്ന് ധനമന്ത്രി വ്യക്തമാക്കി. ഫീസ് ഈടാക്കുന്നുണ്ടെങ്കിൽ അത് വ്യാപാരികളിൽനിന്ന് മാത്രമായിരിക്കും. ബാങ്കുകൾക്കും ഫിൻടെക് സ്ഥാപനങ്ങൾക്കും ഡിജിറ്റൽ ഇടപാടുകൾക്കുള്ള സൗകര്യവും സുരക്ഷയും ഒരുക്കുന്നതിന് ഇത്തരത്തിൽ ഈടാക്കുന്ന ഫീസ് ഉപകരിക്കുമെന്നും ധനമന്ത്രി പറഞ്ഞു.

ടാക്സേഷൻ ആൻഡ് അദർ ലോസ് ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് ഉയർന്ന ആശങ്കകൾ പരിഹരിക്കാനാണ് ധനമന്ത്രി ഈ വിശദീകരണം നൽകിയത്. അതേസമയം, വ്യാപാരികൾക്ക് മർച്ചന്റ് ഡിസ്കൗണ്ട് റേറ്റ് (എംഡിആർ) ബാധകമാകും.

ഡിജിറ്റൽ പണമിടപാടുകൾ പ്രൊസസ് ചെയ്യുന്നതിനായി ബാങ്കുകളും പേയ്മെന്റ് സേവന ദാതാക്കളും വ്യാപാരികളിൽനിന്ന് ഈടാക്കുന്ന തുകയാണ് മർച്ചന്റ് ഡിസ്കൗണ്ട് റേറ്റ്. ഇടപാട് നടത്തുന്ന ഉപഭോക്താക്കൾക്കല്ല, വ്യാപാരികൾക്കാണ് ഇത് ബാധകമാകുക.

യുപിഐ, നാഷണൽ പേയ്മെന്റ് കോർപറേഷൻ (എൻപിസിഐ) എന്നിവയായിരിക്കും എംഡിആർ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനമെടുക്കുക. നിയമപ്രകാരം ഫീസ് ഈടാക്കാനുള്ള അനുമതിയാണ് ഭേദഗതിവഴി ലഭിക്കുക. സാങ്കേതികവിദ്യ നവീകരിക്കുന്നതിനും ഡിജിറ്റൽ ഇടപാടുകളുടെ സുരക്ഷ വർധിപ്പിക്കുന്നതിനും ഫിൻടെക് സ്ഥാപനങ്ങൾക്ക് ഈ തുക ഉപയോഗിക്കാം. അതേസമയം, വ്യാപാരികളിൽനിന്ന് ഈടാക്കുന്ന ഫീസ് ഉപഭോക്താക്കളുടെ മേൽ വരുമെന്ന ആശങ്ക ഇനിയും ബാക്കിനിൽക്കുന്നുണ്ട്.

പുതിയ ബില്ല് യുപിഐ ഇടപാടുകൾക്കുള്ള സൗജന്യം ഇല്ലാതാക്കുമെന്ന കോൺഗ്രസ് നേതാവ് ജയറാം രമേശിന്റെ ആരോപണത്തിനായിരുന്നു ധനമന്ത്രിയുടെ പ്രതികരണം.

യുപിഐ സംവിധാനത്തിന്റെ നവീകരണത്തിനും സാങ്കേതിക മികവിനും വേണ്ടിയുള്ള സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുകയെന്നതാണ് ഭേദഗതിയുടെ ലക്ഷ്യം. പാർലമെന്റിൽ ബില്ല് പാസാകുന്നതോടെ എൻപിസിഐ ആയിരിക്കും ഇതുസംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുക.

*This is an advertisement for information purpose and is not a prospectus announcement.*

ICL FINCORP LIMITED
SECURED, REDEEMABLE NON-CONVERTIBLE DEBENTURES NCD
CREDIT RATING CRISIL BBB-/ STABLE

ICL
Join ICL, Grow with us
ICL Fincorp

UP TO DOUBLE RETURNS IN 72 MONTHS*

*Based on an Effective yield of 12.25% On Cumulative Basis Under Option X, 72 Months, Tds As Applicable.

ISSUE OPENS ON: AUGUST 10, 2026 (MONDAY) ISSUE CLOSES ON: AUGUST 21, 2026 (FRIDAY)*

*The Issue shall remain open for subscription on Working Days from 10:00 a.m. to 5:00 p.m. (Indian Standard Time), during the period indicated above, except that the Issue may close on such earlier date or extended date as may be decided by the Board of directors or Finance and Management Committee of our Company, subject to relevant approvals (subject to a minimum period of two working days and a maximum period of 10 working days from the date of opening of this Issue). In the event of an early closure or extension of the Issue, our Company shall ensure that notice of such early closure or extension is given to the prospective investors through an advertisement in a national daily newspaper and a regional daily newspaper in Tamil Nadu where the registered office is located, with wide circulation on or before such earlier date or extended date of closure. Application Forms for the Issue will be accepted only from 10:00 a.m. to 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange, on Working Days during the Issue Period. On the Issue Closing Date, Application Forms will be accepted only between 10:00 a.m. to 3:00 p.m. and uploaded until 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange.*

Issue Structure: (For detailed Issue Structure refer Prospectus dated July 28, 2026)

| | |
|---|---|
| Face value : ₹ 1,000 each | Minimum application size : ₹ 10,000 (10 NCDs) & in multiples of 1 NCD thereafter |
| Tenure (months) : 13, 24, 36, 60 and 72 | |
| Schemes : 10 schemes with 10 ISINs | Payout options : Monthly, Annually & Cumulative |

*T&C Apply

THE ISSUE

PUBLIC ISSUE BY OUR COMPANY OF 10,00,000 SECURED, REDEEMABLE, NON-CONVERTIBLE DEBENTURES OF FACE VALUE OF ₹1,000 EACH, ("NCDS") AT PAR, FOR AN AMOUNT UP TO ₹5,00,000 THOUSAND ("BASE ISSUE SIZE") WITH AN OPTION TO RETAIN OVERSUBSCRIPTION OF UP TO ₹5,00,000 THOUSAND, AGGREGATING UP TO ₹10,00,000 THOUSAND, (HEREINAFTER REFERRED TO AS THE "ISSUE SIZE"). THE ISSUE IS BEING MADE PURSUANT TO THE PROVISIONS OF SECURITIES AND EXCHANGE BOARD OF INDIA (ISSUE AND LISTING OF NON-CONVERTIBLE SECURITIES) REGULATIONS, 2021, AS AMENDED, THE COMPANIES ACT, 2013 AND RULES MADE THEREUNDER TO THE EXTENT NOTIFIED AND THE SEBI MASTER CIRCULAR AS AMENDED FROM TIME TO TIME. THE ISSUE IS NOT PROPOSED TO BE UNDERWRITTEN.

| COUPON RATE: (MONTHLY OPTIONS) | OPTION IV | OPTION III | OPTION II | OPTION I |
|---|---|---|---|---|
| | 11.50%* PER ANNUM 60 MONTHS | 11.00%* PER ANNUM 36 MONTHS | 10.50%* PER ANNUM 24 MONTHS | 10.00%* PER ANNUM 13 MONTHS |

*Indicating coupon rates for monthly options only. Refer Prospectus dated July 28, 2026 to view effective yield for monthly, annually and cumulative options.

To Know More: Visit Nearest ICL Fincorp Branch | To Download Application: Visit www.iclfincorp.com
For Enquiries: Call +91 85890 20137, +91 85890 20186

Capitalised terms not defined herein shall have the same meaning as assigned to such terms in the prospectus dated July 28, 2026 ("Prospectus").

NAMES OF THE SIGNATORIES AT THE TIME OF SIGNING OF THE MEMORANDUM OF ASSOCIATION COMPANY AND THE NUMBER OF SHARES SUBSCRIBED FOR BY THEM AT THE TIME OF SIGNING THE MEMORANDUM OF ASSOCIATION: Given are the names of the signatories of the Memorandum of Association of the Company and the number of equity shares subscribed of face value of ₹10/- each by them at the time of signing of Memorandum of Association: J. Amarchand Kothari (10 equity shares allotted), A Badal Kanwar (10 equity shares allotted), K. Ashok Bohra (10 equity shares allotted), Subash Chand Jain (10 equity shares allotted), Mahaveer Chand Kothari (10 equity shares allotted), K. Ashok Kumar Jain (10 equity shares allotted) and Narendra Kumar Jain (10 equity shares allotted) at the time of incorporation of the Company aggregating to 70 Equity Shares of face value of ₹10/- each.

DISCLAIMER CLAUSE OF CRISIL: Crisil Ratings Limited (Crisil Ratings) has taken due care and caution in preparing the material based on the information provided by its client and / or obtained by Crisil Ratings from sources which it considers reliable (Information). A rating by Crisil Ratings reflects its current opinion on the likelihood of timely payment of the obligations under the rated instrument and does not constitute an audit of the rated entity by Crisil Ratings. Crisil Ratings does not guarantee the completeness or accuracy of the information on which the rating is based. A rating by Crisil Ratings is not a recommendation to buy, sell, or hold the rated instrument; it does not comment on the market price or suitability for a particular investor. The rating is not a recommendation to invest / disinvest in any entity covered in the material and no part of the material should be construed as an Expert advice or investment advice or any form of investment banking within the meaning of any law or regulation. Crisil Ratings especially states that it has no liability whatsoever to the subscribers / users / transmitters/ distributors of the material. Without limiting the generality of the foregoing, nothing in the material is to be construed as Crisil Ratings providing or intending to provide any services in jurisdictions where Crisil Ratings does not have the necessary permission and/or registration to carry out its business activities in this regard. ICL Fincorp limited will be responsible for ensuring compliances and consequences of non-compliances for use of the material or part there of outside India. Current rating status and Crisil Ratings' rating criteria are available without charge to the public on the website, www.crisilratings.com. For the latest rating information on any instrument of any company rated by Crisil Ratings, please contact customer service helpdesk at 1800-2673850.

DISCLAIMER CLAUSE OF RBI: The company is having a valid certificate of registration dated June 9, 2016 under section 45 IA of the Reserve Bank of India Act, 1934. A copy of the Prospectus has not been filed with or submitted to the Reserve Bank of India ("RBI"). It is distinctly understood that the Prospectus should not in anyway be deemed or construed to be approved or vetted by RBI. RBI does not accept any responsibility or guarantee about the present position as to the financial soundness of the issuer or for the correctness of any of the statements or representations made or opinions expressed by the issuer and for discharge of liability by the issuer. RBI neither accepts any responsibility nor guarantee for the payment of any amount due to any investor in respect of the proposed NCDs.

(please scan this QR code to view the Prospectus)

Reg. Office: Plot No. C308, Door No. 66/40, 4th Avenue, Ashok Nagar, Chennai- 600 083, Tamil Nadu, India.
Corp. Office: ICL Fincorp Limited, Main Road, Irinjalakuda, Thrissur-680121, Kerala, India.
Branches: Kerala | Tamil Nadu | Andhra Pradesh | Telangana | Karnataka | Maharashtra | Odisha | Gujarat | West Bengal | Goa | Delhi | Rajasthan | Bihar iclfincorp

# പ്രളയ സമാശ്വാസം കൈമാറും

**കൊച്ചി:** പ്രളയക്കെടുതിയിൽ അകപ്പെട്ട വ്യാപാരികളെ സാമ്പത്തികമായി സഹായിക്കാൻ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ വനിതാ വിംഗ് അമ്പതിനായിരം രൂപ സംസ്ഥാന കമ്മിറ്റിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൈമാറുമെന്ന് വനിതാ വിംഗ് പ്രസിഡന്റ് ജയ പീറ്റർ, സെക്രട്ടറി സീന സജീവൻ, ട്രഷറർ സുനിത വിനോദ്, വർക്കിംഗ് പ്രസിഡന്റ് മായാ ജേക്കബ് എന്നിവർ അറിയിച്ചു.

# മഴ: കേരളത്തിനുണ്ടായത് 127.61 കോടി രൂപയുടെ കൃഷിനാശം

**തിരുവനന്തപുരം:** മഴ മൂലം കേരളത്തിന് 127.61 കോടി രൂപയുടെ കാർഷികനഷ്ടം ഉണ്ടായെന്ന് കൃഷി വകുപ്പ് മന്ത്രി ടി സിദ്ദിഖ്. ഓഗസ്റ്റ് 9 വരെയുള്ള കൃഷി വകുപ്പിന്റെ പ്രാഥമിക വിലയിരുത്തൽ അനുസരിച്ചുള്ള കണക്കാണിത്. 9332 ഹെക്ടർ കൃഷി നശിക്കുകയും 45,904 കർഷകരെ ബാധിക്കുകയും ചെയ്തു. അടിയന്തര സഹായം ആവശ്യപ്പെട്ട് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാന് കത്തെഴുത്തിയെന്ന് കൃഷി മന്ത്രി അറിയിച്ചു.

ഇതുവരെയുള്ള നഷ്ടത്തിന്റെ അടിസ്ഥാനത്തിൽ 110 കോടി രൂപയുടെ അടിയന്തര ധനസഹായമാണ് കേന്ദ്രത്തിൽ നിന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. കാർഷിക നഷ്ടം വിലയിരുത്താൻ കേന്ദ്രസംഘത്തെ കേരളത്തിലേക്ക് അയയ്ക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. ചൊവ്വാഴ്ച കൃഷിമന്ത്രിയും സഹകരണമന്ത്രിയും ചേർന്ന് ധനകാര്യസ്ഥാപനങ്ങളുമായി ചർച്ച നടത്തുമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

കർഷകരുടെ വായ്പ, പലിശ എന്നിവയിൽ ഉദാരസമീപനം സ്വീകരിക്കുന്നതിനും ആശ്വാസനടപടികൾ കൈക്കൊളളുന്നതിനും പദ്ധതികൾ രൂപപ്പെടുത്തുന്നതിനാണ് യോഗം വിളിച്ചിരിക്കുന്നത്.

# സാങ്കേതികവിദ്യയിലെ മാറ്റങ്ങൾക്കനുസരിച്ച് വിദ്യാർഥിസമൂഹം മാറണം: ഡോ. സിസ തോമസ്

**പത്തനംതിട്ട:** ആധുനിക സാങ്കേതികവിദ്യയുടെ മാറ്റത്തിനനുസരിച്ചു പ്രവർത്തിക്കാൻ കഴിയുന്ന വിദ്യാർഥികൾക്കു മാത്രമേ ഇനിയുള്ള കാലഘട്ടത്തിൽ പിടിച്ചുനിൽക്കാൻ സാധിക്കുകയുള്ളൂവെന്ന് എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സിസാ തോമസ്. കടമ്മനിട്ട മൗണ്ട് സിയോൺ എൻജിനിയറിംഗ് കോളജിലെ 2026 ബാച്ച് വിദ്യാർഥികളുടെ മെറിറ്റ് ഡേ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കോളജ് ചെയർമാൻ ഡോ. ഏബ്രഹാം കലമണ്ണിൽ അധ്യക്ഷത വഹിച്ചു. മാനേജിംഗ് ഡയറക്ടർ ജോസഫ് ഏബ്രഹാം കലമണ്ണിൽ, വൈസ് ചെയർമാൻ സാമുവൽ ഏബ്രഹാം കലമണ്ണിൽ, ഡയറക്ടർ കെ.കെ. ജോസ്, പ്രിൻസിപ്പൽ ഡോ. മെൽവിൻ ജോസ്, വൈസ് പ്രിൻസിപ്പൽ ഡോ. തോമസ് ജോർജ്, ബബിത എൽസ ഉമ്മൻ, ഡോ. അനിൽ തോമസ്, ആതിര ശിവാനന്ദൻ, ഡോ. പ്രവീൺ കുമാർ എന്നിവർ പ്രസംഗിച്ചു. വിവിധ തലങ്ങളിൽ മികവ് തെളിയിച്ച വിദ്യാർഥികൾക്കുള്ള പുരസ്കാരങ്ങൾ ചടങ്ങിൽ വിതരണം ചെയ്തു.

# കെഎംഎ വാർഷിക കൺവൻഷൻ: ലോഗോയും തീമും പുറത്തിറക്കി

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ 44ാമത് വാർഷിക കൺവൻഷന്റെ 'ക്ലെയ്സിസ് കെമാക്' ലോഗോയും തീമും ബിപിസിഎൽ കൊച്ചി റിഫൈനറി എക്സിക്യൂട്ടീവ് ഡയറക്ടർ ചാക്കോ എം. ജോസ് പ്രകാശനം ചെയ്തു.

കെഎംഎ പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ് അധ്യക്ഷത വഹിച്ചു.

ക്ലെയ്സിസ് ടെക്നോളജീസ് മാനേജിംഗ് ഡയറക്ടർ വിനോദ് തരകൻ, കെമാക് ചെയർമാൻ ദിലീപ് നാരായണൻ ലേഖ ബാലചന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

2027 ജനുവരി 21, 22 തീയതികളിൽ ഗ്രാന്റ് ഹയാത്തിൽ നടക്കുന്ന വാർഷിക കൺവൻഷനിൽ രാജ്യത്തിനകത്തും പുറത്തുംനിന്നുള്ള 1200ലേറെ പ്രതിനിധികൾ പങ്കെടുക്കും.



അഖില കേരള ധീവര സഭ എറണാകുളം പണ്ഡിറ്റ് കറുപ്പൻ സ്മാരക ഹാളിൽ സംഘടിപ്പിച്ച പണ്ഡിറ്റ് കെ.പി. കറുപ്പന്റെ 142ാം ജന്മദിനാഘോഷവും, കൊച്ചി നിയമ സഭയിൽ എം.എൽ.സി ആയതിന്റെ 100ാം വാർഷിക ആഘോഷവും മുഖ്യമന്ത്രി വി.ഡി.സതീശൻ ഉദ്ഘാടനം ചെയ്യുന്നു. ശിവദാസ് നാരായണൻ, കൊടിക്കുന്നിൽ സുരേഷ്, വി ദിനകരൻ, എംവി വാരിജാക്ഷൻ, മന്ത്രി അബ്ദുൽ ഗഫൂർ, കെ.കെ.തമ്പി, ഹൈബി ഈഡൻ എം.പി, രാജീവ് ചന്ദ്രശേഖർ എംഎൽഎ, ടി ജെ വിനോദ് എംഎൽഎ, ജെ വിശ്വംഭരൻ, കൊച്ചി മേയർ അഡ്വ.വി.കെ. മിനിമോൾ എന്നിവർ സമീപം.

# പണ്ഡിറ്റ് കറുപ്പൻ എല്ലാവരിലും ആവേശം ഉണർത്തിയ നേതാവ് : മുഖ്യമന്ത്രി വി.ഡി.സതീശൻ

**കൊച്ചി:** പണ്ഡിറ്റ് കറുപ്പൻ എല്ലാവരിലും ആവേശം ഉണർത്തിയ അതുല്യ നേതാവായിരുന്നുവെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ പറഞ്ഞു. അഖില കേരള ധീവര സഭയുടെ ആഭിമുഖ്യത്തിൽ എറണാകുളം പണ്ഡിറ്റ് കറുപ്പൻ സ്മാരക ഹാളിൽ സംഘടിപ്പിച്ച പണ്ഡിറ്റ് കെ.പി.കറുപ്പന്റെ 142ാം ജന്മദിനാഘോഷവും, അദ്ദേഹം കൊച്ചി നിയമ സഭയിൽ എം.എൽ.സി ആയതിന്റെ 100-ാം വാർഷിക ആഘോഷവും,1978-ൽ 10 അവാന്തര വിഭാഗങ്ങളെ ധീവര എന്ന പൊതുനാമധേയത്തിൽ സർക്കാർ അംഗീകരിച്ചതിന്റെയും ആഘോഷങ്ങൾ ഉദ്ഘാനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. പിന്നോക്ക ജനവിഭാഗങ്ങളുടെ സാമൂഹികവും, സാമ്പത്തികവുമായ ഉന്നമനത്തിന് വിദ്യഭ്യാസമാണ് ഏക ഉപാധിയെന്ന് കണ്ടെത്തി അതിനായി കഠിനാധ്വാനം ചെയ്ത മഹത് വ്യക്തിയാണ് പണ്ഡിറ്റ് കറുപ്പൻ.

കവി, പണ്ഡിതൻ, സാമൂഹിക പരിഷ്കർത്താവ്, നിയമ നിർമ്മാണ സഭയിലെ അംഗം, പിന്നോക്ക ജന വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക മാറ്റത്തിനായി പോരാടിയ അതുല്യ പ്രതിഭ, സംസ്കൃതം പഠിക്കുകയും, അതിൽ പണ്ഡിതനാകുകയും ചെയ്ത വ്യക്തി. പഠനകാലയളവിൽ നേരിട്ട ജാതി പ്രശ്നത്തിന്റെ കൂടി അനുഭവത്തിൽ ജാതി ചൂഷണത്തിനെതിരായി വലിയ പോരാട്ടം നയിച്ച വ്യക്തി. കൊച്ചി നിയമ നിർമ്മാണ സഭയിലെ അംഗം എന്ന നിലയിൽ പിന്നോക്ക ജന വിഭാഗം അനുഭവിക്കുന്ന പ്രയാസങ്ങളെ വളരെ ഫലപ്രദമായി അവതരിപ്പിക്കുകയും, അതിലൂടെ പിന്നോക്ക ജനവിഭാഗങ്ങളെകൂടി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരേണ്ടതാണെന്ന് പൊതുസമൂഹത്തെ ബോധ്യപ്പെടുത്താൻ കഴിഞ്ഞ മഹാപ്രതിഭ. അന്ധവിശ്വാസങ്ങൾക്കെതിരെ ആഞ്ഞടിച്ച അദ്ദേഹത്തിന് കവിത, പ്രഭാഷണം, നിയമ സഭയിലെ പ്രസംഗങ്ങൾ എന്നിവയിലൂടെ സമൂഹത്തിൽ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞെന്നും മുഖ്യമന്ത്രി അനുസ്മരിച്ചു. ഏറ്റവും കൂടുതൽ വർഷം ലോകസഭാംഗം ആയിരിക്കുന്ന കൊടിക്കുന്നിൽ സുരേഷ് എം.പി.യെ ചടങ്ങിൽ ആദരിച്ചു.


കെ.കരുണാകരൻ സർക്കാർ ആരംഭിച്ചതും എ.കെ.ആന്റണി, ഉമ്മൻ ചാണ്ടി സർക്കാരുകൾ തുടർന്നുവന്നതുമായ മണ്ണെണ്ണ സബ്സീഡി ഉൾപ്പെടെയുള്ള മുഴുവൻ ക്ഷേമപ്രവർത്തനങ്ങളും ഈ സർക്കാരും തുടരുമെന്നും വി.ഡി.സതീശൻ പറഞ്ഞു. വിഴിഞ്ഞം പോർട്ട് ഉൾപ്പെടെയുള്ള വൻകിട പദ്ധതികൾ നടപ്പാക്കുമ്പോൾ തൊഴിൽ നഷ്ടം സംഭവിക്കുന്ന മത്സ്യതൊഴിലാകൾക്ക് അർഹമായ പുനഃരധിവാസം ഉറപ്പാക്കുമെന്നും, കൂടാതെ ഉൾനാടൻ മത്സ്യതൊഴിലികൾ ഉൾപ്പെടെയുള്ളവർക്കും ആനുകൂല്യങ്ങൾ നൽകുമെന്നും അദ്ദേഹം പറഞ്ഞു.

ധീവര സഭ 50 ആവശ്യങ്ങൾ ഉന്നയിച്ച് നൽകിയ നിവേദനം പഠിച്ച് ഉചിതമായ നടപടി സ്വീകരിക്കുമെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി അഡ്വ.വി.എം. അബ്ദുൾ ഗഫൂർ ഉറപ്പ് നൽകി.

ധീവരസഭാ പ്രസിഡന്റ് എം.വി.വാരിജാക്ഷൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഫിഷറീസ് വകുപ്പ് മന്ത്രി അഡ്വ.അബ്ദുൾ ഗഫൂർ,ഹൈബി ഈഡൻ എം.പി, എംഎൽഎമാരായ രാജീവ് ചന്ദ്രശേഖർ,ടി.ജെ.വിനോദ്, കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ.വി.കെ.മിനിമോൾ, ധീവര സഭ ജനറൽ സെക്രട്ടറിയും മുൻ എംഎൽഎയുമായ വി.ദിനകരൻ, സംസ്ഥാന സെക്രട്ടറിമാരായ കെ.കെ തമ്പി, പി.എം സുഗതൻ,പി.ഗോവിന്ദൻ,സംസ്ഥാന ട്രഷറർ പി.വി. ജനാർദ്ദനൻ, എം.വത്സലൻ, എ.ആർ ശിവജി, ശാന്തി മുരളി, സുലഭ പ്രതീപ്, അനിൽ ബി കളത്തിൽ, സുനിൽ മടപ്പള്ളി, ഷാജു തലാശ്ശേരി, ജെ വിശ്വംഭരൻ, കെ എം മണി, എ ദാമോദരൻ, കെ വി സാബു തുടങ്ങിയവർ പ്രസംഗിച്ചു.

# ഓണം ഓഫറുമായി കെഎഫ്സി

**കൊച്ചി:** ലോകത്തിലെ ഏറ്റവും പ്രശസ്തമായ ചിക്കൻ റെസ്റ്റോറന്റ് ബ്രാൻഡുകളിലൊന്നായ കെന്റക്കി ഫ്രൈഡ് ചിക്കൻ (കെ.എഫ്.സി) മലയാളികളുടെ ദേശീയ ഉത്സവമായ ഓണത്തെ സ്വാഗതം ചെയ്ത് ഓണം ഓഫറുകൾ പ്രഖ്യാപിച്ചു. ഇന്ത്യയിലെ 240ലധികം നഗരങ്ങളിലായി 1,300ലധികം കെ.എഫ്.സി. റെസ്റ്റോറന്റുകൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ ഒട്ടുമിക്ക നഗരങ്ങളിലും കെ.എഫ്.സിക്ക് ശക്തമായ സാന്നിധ്യമുണ്ട്. ആഗസ്റ്റ് 31 വരെ നീണ്ടുനിൽക്കുന്ന ഓണം ഓഫറിലൂടെ ഉപഭോക്താക്കൾക്ക് 44 ശതമാനം വരെ ലാഭം നേട്ടമുണ്ടാക്കാമെന്ന് കമ്പനി അവകാശപ്പെട്ടു.




ഹോട്ട് ആൻഡ് ക്രിസ്പി ചിക്കൻ, ഹോട്ട് വിങ്സ്, ബോൺലെസ് ചിക്കൻ സ്ട്രിപ്സ് എന്നിവ ഉൾപ്പെടുന്ന പ്രത്യേക കോംബോകളാണ് ഓഫറിന്റെ ഭാഗമായി ലഭ്യമാക്കുന്നത്. ഓണാഘോഷങ്ങളുടെ വൈവിധ്യം പ്രതിഫലിപ്പിക്കുന്ന പ്രത്യേക പതിപ്പിലുള്ള ഓണം ബക്കറ്റും കെഎഫ്സി അവതരിപ്പിച്ചിട്ടുണ്ട്.

വള്ളംകളി, പുലിക്കളി തുടങ്ങിയ കേരളീയ സാംസ്കാരിക പാരമ്പര്യങ്ങളാണ് ബക്കറ്റിന്റെ ഡിസൈനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിലെ കെഎഫ്സി റെസ്റ്റോറന്റുകളിൽ ഡൈൻഇൻ, ടേക്ക്എവേ സൗകര്യങ്ങളോടൊപ്പം കെഎഫ്സി ആപ്പ്, വെബ്സൈറ്റ്, പ്രമുഖ ഫുഡ് ഡെലിവറി ആപ്പുകൾ എന്നിവയിലൂടെയും ഓഫറുകൾ ലഭ്യമാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി സംസ്ഥാന സമ്മേളനം സമാപിച്ചു

**കൊച്ചി:** സൈക്യാട്രിസ്റ്റുകളുടെ സംഘടനയായ ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റിയുടെ 42-ാം സംസ്ഥാന സമ്മേളനം 'സിപ്സ്കോൺ 26' കൊച്ചി ഐഎംഎ ഹൗസിൽ സമാപിച്ചു. എറണാകുളം സൈക്യാട്രിക് സൊസൈറ്റിയാണ് സമ്മേളനം നടത്തിയത്. മയക്കുമരുന്ന് വിപത്തിനെതിരെ ശക്തമായ പോരാട്ടം നടത്താനും സർക്കാർ ആരംഭിച്ചിട്ടുള്ള തൂഫാൻ പദ്ധതിയിൽ 'തൂഫാൻ വാരിയേഴ്സ്' എന്ന നിലയിൽ പങ്കാളികളാകാനും സമ്മേളനം തീരുമാനിച്ചു. മയക്കുമരുന്ന് ഉപയോഗവും വ്യാപനവും തടയാനായി ശക്തമായ ബോധവൽക്കരണ പരിപാടികൾ നടത്തുമെന്നും വിട്ടുവീഴ്ച്ചയില്ലാത്ത നിലപാട് എടുക്കമെന്നും സമ്മേളനത്തിൽ പങ്കെടുത്തവർ പ്രതിജ്ഞ ചെയ്തു.

സമാപന പൊതുസമ്മേളനം ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി സംസ്ഥാന പ്രസിഡന്റ് ഡോ. സാഗർ ടി ഉദ്ഘാടനം ചെയ്തു. സംഘാടക സമിതി ചെയർമാൻ ഡോ. പ്രതീഷ് പി ജെ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ഡോ. മോഹൻ റോയ് ജി, വൈസ് പ്രസിഡന്റ് ഡോ. ജോയ്സ് ജിയോ, സംഘാടക സമിതി സെക്രട്ടറി ഡോ. ടി സി വിഷ്ണു, സയന്റിഫിക് കമ്മിറ്റി ചെയർമാൻ ഡോ. ജയ്മോൻ പിഎം, എഡിറ്റർ രാജ്മോഹൻ വി എന്നിവർ പ്രസംഗിച്ചു. യുവ സൈക്യാട്രിസ്റ്റിനുള്ള വേണാട് സൈക്യാട്രിക് ഗിൽഡ് പുരസ്കാരം ഡോ. ശുഭ ടി (കോട്ടയം ഗവ. മെഡിക്കൽ കോളജ്) യ്ക്ക് സമ്മാനിച്ചു.

വിദേശത്തു നിന്നടക്കമുള്ള 300 ഡാക്ടർമാരും വിവിധ മെഡിക്കൽ കോളജുകളിൽ നിന്നുമായി മുന്നോറോളം പിജി വിദ്യാർഥികളും സമ്മേളനത്തിൽ പങ്കെടുത്തു. മാനസികാരാഗ്യവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ വിദഗ്ധർ അറുപതോളം പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ. വിവേക് ബനഗൽ (ബംഗളൂരു), ഡോ.പിടി ശിവകുമാർ, ഡോ.ദീപക് ഗുപ്ത (ന്യൂഡൽഹി), ഡോ. മിറിയം ഐസക് (യുകെ)എന്നിവർ ക്ലാസുകൾ നയിച്ചു. കുട്ടികളുടെയും മുതിർന്നവരുടെയും മാനസികാരോഗ്യം, ചികിത്സയിൽ മരുന്നുകളുടെ ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ആധുനിക രോഗനിർണയ സംവിധാനങ്ങൾ, മാനസിക രോഗങ്ങളിൽ ജനിതകശാസ്ത്ര ഗവേഷണങ്ങളിലൂടെ ലഭ്യമായ പുതിയ അറിവുകൾ തുടങ്ങി വിവിധ വിഷയങ്ങളിൽ ചർച്ചകളുംനടന്നു. പിജി വിദ്യാർഥികൾ മാനസികാരാഗ്യവുമായി ബന്ധപ്പെട്ട് 30 പോസ്റ്ററുകളും 20 പ്രബന്ധങ്ങളും അവതരിപ്പിച്ചു. മികച്ച പോസ്റ്ററിന് കൊല്ലം സൈക്യാട്രിക് സൊസൈറ്റി പുരസ്കാരവും മികച്ച പ്രബന്ധത്തിന് പാലക്കാട് സൈക്യാട്രിക് ഗിൽഡ് പുരസ്കാരവും നൽകി. വിവിധ കലാപരിപാടികളും അരങ്ങേറി. ഡോക്ടർമാർക്കായി ഫുട്ബോൾ, ക്രിക്കറ്റ്, ബാഡ്മിന്റൺ, ചെസ് എന്നീ ഇനങ്ങളിൽ മത്സരങ്ങളും നടത്തി. സമ്മേളനത്തിന്റെ ഭാഗമായി ആരോഗ്യരംഗത്തെ വിവിധ മേഖലകളെ സമന്വയിപ്പിച്ച് 30 സ്റ്റാളുകളും ഒരുക്കിയിരുന്നു.

# കുസാറ്റ് അംഗീകൃത ഡിസൈൻ, ഡാറ്റാ സയൻസ് കോഴ്സുകൾക്ക് 100% സ്കോളർഷിപ്പുമായി ഇൻസൈറ്റ് എജുക്കേഷണൽ ട്രസ്റ്റ്

**കൊച്ചി:** കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാല (കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി കുസാറ്റ്) അംഗീകാരമുള്ള ഡിസൈൻ, ഡാറ്റാ സയൻസ് ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ബിരുദ പ്രോഗ്രാമുകളിലേക്ക് പ്ലസ് ടു കഴിഞ്ഞ യോഗ്യരായ പത്ത് വിദ്യാർത്ഥികൾക്ക് 100 ശതമാനം സ്കോളർഷിപ്പ് പ്രഖ്യാപിച്ച് ഇൻസൈറ്റ് എജ്യുക്കേഷണൽ ട്രസ്റ്റ്.

സാമ്പത്തിക പ്രയാസങ്ങൾ മൂലം കഴിവുള്ള കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം നിഷേധിക്കപ്പെടാതിരിക്കാനും സാങ്കേതികസർഗ്ഗാത്മക മേഖലകളിൽ മികവ് തെളിയിക്കുന്നവരെ പ്രോത്സാഹിപ്പിക്കാനുമാണ് ഇൻസൈറ്റ് സെന്റർ ഫോർ ഡിസൈൻ ഈ പദ്ധതി നടപ്പിലാക്കുന്നത്. അപേക്ഷകൾ ലഭിക്കേണ്ട അവസാന തിയതി സെപ്തംബർ രണ്ടാണ്.

ട്രസ്റ്റിന്റെ വ്യവസ്ഥകൾക്ക് വിധേയമായി തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്കാണ് മുഴുവൻ കോഴ്സ് ഫീസും സൗജന്യമാക്കുന്ന പൂർണ്ണ സ്കോളർഷിപ്പ് ലഭിക്കുകയെന്ന് ഇൻസൈറ്റ് എജ്യുക്കേഷണൽ ട്രസ്റ്റ് ചെയർമാൻ രാഹുൽ ആർ. ഐആർഎസ് (റിട്ട.) പറഞ്ഞു. അക്കാദമിക് മികവ്, അഭിരുചി, സർഗ്ഗാത്മകത, മൂല്യനിർണ്ണയത്തിലെ പ്രകടനം എന്നിവയുടെ അടിസ്ഥാനത്തിലാണ് അർഹരായവരെ കണ്ടെത്തുന്നത്.

ഉത്പന്ന രൂപകൽപന, കമ്മ്യൂണിക്കേഷൻ ഡിസൈൻ, ഫാഷൻ ഡിസൈൻ, ഡാറ്റാ സയൻസ് ആൻഡ് എഐ എന്നീ വിഷയങ്ങളിലെ ബിരുദ കോഴ്സുകൾക്കാണ് ആനുകൂല്യം ലഭ്യമാക്കുന്നത്. തിയറി പഠനത്തോടൊപ്പം ലൈവ് പ്രോജക്റ്റുകൾ, ഡിസൈൻ സ്റ്റുഡിയോകൾ, ടെക്നോളജി ലാബുകൾ, ഇന്റേൺഷിപ്പുകൾ, വിദഗ്ദ്ധരുടെ മാർഗ്ഗനിർദ്ദേശം എന്നിവ വഴി മികച്ച പ്രായോഗിക പരിശീലനവും പാഠ്യപദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ലഭിക്കുമെന്നും രാഹുൽ ചൂണ്ടിക്കാട്ടി.

സർഗ്ഗാത്മകതയും സാങ്കേതികവിദ്യയും സമന്വയിപ്പിച്ച് സമൂഹത്തിനും വ്യവസായ മേഖലയ്ക്കും സംഭാവന നൽകാൻ ശേഷിയുള്ള പുതുതലമുറയെ വാർത്തെടുക്കാനാണ് പദ്ധതിയിലൂടെ ഇൻസൈറ്റ് എജുക്കേഷണൽ ട്രസ്റ്റ് ലക്ഷ്യമിടുന്നത്. ഇന്ത്യയിലെ യുവതലമുറയുടെ വളർച്ചയ്ക്കായുള്ള വലിയ നിക്ഷേപമാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രവേശന യോഗ്യത, സ്കോളർഷിപ്പ്, അപേക്ഷാ രീതി എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് കൊച്ചി വില്ലിംഗ്ഡൺ ഐലൻഡിലെ ഇന്ദിരാഗാന്ധി റോഡിൽ പ്രവർത്തിക്കുന്ന ഇൻസൈറ്റ് സെന്റർ ഫോർ ഡിസൈൻ ഓഫീസുമായി +91 90379 92962 എന്ന ഫോൺ നമ്പറിലോ admissions@insightcetnrefordesign.com എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടാം. കൂടുതൽ വിവരങ്ങൾ https://insightcetnrefordesign.com വെബ്സൈറ്റിൽ ലഭിക്കും.

# കുസാറ്റ്: ബി.ടെക് പ്രോഗ്രാമുകളിലേക്ക് റിയൽടൈം അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ബി.ടെക് പ്രോഗ്രാമുകളിലെ എസ്.സി/എസ്.ടി വിഭാഗത്തിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പെഷ്യൽ റിയൽടൈം അഡ്മിഷൻ CAT 2026 റാങ്ക് ലിസ്റ്റിലുള്ള വിദ്യാർത്ഥികൾക്കായി ആഗസ്റ്റ് 11ന് കുസാറ്റ് സെമിനാർ കോംപ്ലക്സിൽ നടക്കും. രജിസ്ട്രേഷൻ സമയം രാവിലെ 10 മുതൽ 10.30 വരെ. സ്പെഷ്യൽ റിയൽടൈം അഡ്മിഷന് ശേഷം സീറ്റുകൾ ഒഴിവുണ്ടെങ്കിൽ, ബി.ടെക് പ്രോഗ്രാമുകളിലേക്ക് CAT 2026 റാങ്ക് ഇല്ലാത്തതും അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ഗൂഗിൾ ഫോം വഴി രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ യോഗ്യരായ എസ്.സി/എസ്.ടി വിഭാഗം വിദ്യാർത്ഥികളെ പരിഗണിക്കും. ഇവർ അന്നേ ദിവസം രാവിലെ 11 മണിക്ക് അഡ്മിഷൻ പരിഗണനയ്ക്കായി റിപ്പോർട്ട് ചെയ്യണം. റാങ്ക് ലിസ്റ്റിന് പുറത്തുള്ള വിദ്യാർത്ഥികളെ പരിഗണിച്ചതിന് ശേഷവും സീറ്റുകൾ ഒഴിവുണ്ടെങ്കിൽ, 2026 റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിഭാഗം വിദ്യാർത്ഥികൾക്ക് സീറ്റുകൾ അനുവദിക്കും. ഇവരുടെ റിപ്പോർട്ടിംഗ് സമയം രാവിലെ 11.30 ആണ്.

# ഹണ്ടർഹുഡ് ആഘോഷമാക്കി കൊച്ചി



**കൊച്ചി:** റോയൽ എൻഫീൽഡിന്റെ സ്ട്രീറ്റ് കൾച്ചർ പ്ലാറ്റ്ഫോമായ ഹണ്ടർഹുഡിന്റെ ആറാമത് എഡിഷൻ കൊച്ചിയിൽ നടന്നു.

സംഗീതം, ആർട്ട്, സ്കേറ്റ്ബോർഡിംഗ്, അർബൻ സ്പോർട്സ്, ക്രിയേറ്റീവ് എക്സ്പ്രഷൻ എന്നിവയെ ഒരുമിപ്പിക്കുന്നതായിരുന്നു പരിപാടി.

ട്രൈബ് മാമ മേരികാലി, റാഞ്ച് ക്ലിഫർ, ഗാബ്രി, എംസി കൗപ്പർ, ബേബി ജീൻ, ഡാബ്സി തുടങ്ങിയവർ പങ്കെടുത്തു. സ്കേറ്റ് ബോർഡിംഗ് ഷോകേസുകൾ, ലൈവ് ഗ്രാഫിറ്റി, വിഷൽ ആർട്ട്, ഇന്ററാക്ടീവ് ഇൻസ്റ്റലേഷനുകൾ, കസ്റ്റം മോട്ടോർസൈക്കിൾ പ്രദർശനം എന്നിവയും പരിപാടിയുടെ ഭാഗമായി.

സ്കിം ബോർഡിംഗ്, ഫുട്ബോൾ, ക്രിക്കറ്റ്, ബാസ്കറ്റ്ബോൾ തുടങ്ങിയ അർബൻ സ്പോർട്സ് ആക്റ്റിവിറ്റികളും അരങ്ങേറി.



# എഐ+ സ്മാർട്ട്ഫോൺ പ്രോജക്ട് ട്രസ്റ്റ്+ അവതരിപ്പിച്ചു




**കൊച്ചി:** സ്മാർട്ട്ഫോൺ സുരക്ഷ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി എഐ+ സ്മാർട്ട്ഫോൺ 'പ്രോജക്ട് ട്രസ്റ്റ്+' എന്ന പുതിയ സംരംഭം പ്രഖ്യാപിച്ചു. അടുത്ത അഞ്ച് വർഷത്തിനിടെ പ്രതിവർഷം 20 കോടി വീതം, ആകെ 100 കോടി ചെലവഴിച്ച് എതിക്കൽ ഹാക്കർമാരെയും സൈബർ സുരക്ഷാ ഗവേഷകരെയും ഡെവലപ്പർമാരെയും പങ്കെടുപ്പിച്ചാണ് സുരക്ഷാ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. ഉപയോക്താക്കളെ ബാധിക്കുന്നതിന് മുമ്പ് സുരക്ഷാ പോരായ്മകൾ കണ്ടെത്തി പരിഹരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സുരക്ഷ ഒരു തുടർച്ചയായ പ്രക്രിയയാണെന്നും സമൂഹത്തിന്റെ സഹകരണത്തിലൂടെയാണ് കൂടുതൽ സുരക്ഷിതമായ സ്മാർട്ട്ഫോൺ പരിസരം സൃഷ്ടിക്കാനാകുകയെന്നും എഐ+ സ്മാർട്ട്ഫോൺ സി.ഇ.ഒയും നെക്സ്റ്റ്ക്വാണ്ടം ഷിഫ്റ്റ് ടെക്നോളജീസ് സ്ഥാപകനുമായ മാധവ് ഷേത്ത് പറഞ്ഞു.

# കേരളത്തിൽ റീട്ടെയിൽ സാന്നിധ്യം വിപുലീകരിച്ച് നിപ്പോൺ പെയിന്റ് ഇന്ത്യ

**കൊച്ചി:** കേരളത്തിലെ റീട്ടെയിൽ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിപ്പോൺ പെയിന്റ് ഇന്ത്യ തിരുവനന്തപുരം കരിക്കകത്ത് സംസ്ഥാനത്തെ ആദ്യ നിയോ ഹോംസ് സ്റ്റോർ പ്രവർത്തനം ആരംഭിച്ചു. വീടുടമകൾ, ആർക്കിടെക്ടുമാർ, കോൺട്രാക്ടർമാർ, പെയിന്റർമാർ എന്നിവർക്കായി പെയിന്റുകൾ, വർണ പരിഹാരങ്ങൾ, പെയിന്റിംഗ് അനുബന്ധ ഉൽപ്പന്നങ്ങൾ എന്നിവ ഒരിടത്ത് ലഭ്യമാക്കുന്നതാണ് സ്റ്റോർ. ഗിരിജ എന്റർപ്രൈസസുമായി സഹകരിച്ചാണ് സംരംഭം ആരംഭിച്ചത്. കേരളം കമ്പനിയുടെ പ്രധാന വിപണികളിലൊന്നാണെന്നും ഉപഭോക്താക്കൾക്ക് മികച്ച പെയിന്റ് വാങ്ങൽ അനുഭവം നൽകുകയാണ് ലക്ഷ്യമെന്നും നിപ്പോൺ പെയിന്റ് ഇന്ത്യ ഡെക്കറേറ്റീവ് കോട്ടിംഗ്സ് ബിസിനസ് പ്രസിഡന്റ് മാർക്ക് ടൈറ്റസ് പറഞ്ഞു. സംസ്ഥാനത്ത് കൂടുതൽ നിയോ ഹോംസ് സ്റ്റോറുകൾ ആരംഭിക്കാനും കമ്പനി പദ്ധതിയിടുന്നുണ്ട്.

# ഓണാഘോഷങ്ങളുടെ ഭാഗമായി മുണ്ടുകളം തീർത്ത് രാംരാജ് കോട്ടൺ



**കൊച്ചി:** ഓണാഘോഷങ്ങളുടെ ഭാഗമായി പൂക്കളം മാതൃകയിൽ മുണ്ടുകളം തീർത്ത് രാംരാജ് കോട്ടൺ. കൊച്ചി ഫോറം മാളിലാണ് ആയിരംചതുരശ്ര അടി വിസ്തൃതിയിൽ ഇന്ത്യയിലെ ഏറ്റവും വലിയ 'മുണ്ടുകളം' രാംരാജ് കോട്ടൺ അനാച്ഛാദനം ചെയ്തത്. പരമ്പരാഗത പൂക്കളത്തിന്റെ മാതൃകയിൽ വിവിധതരം മുണ്ടുകൾ ചേർത്തുവെച്ചാണ് ഈ വിസ്മയകരമായ കലാവിരുത് തീർത്തത്.

ഓണക്കാലത്ത് മലയാളികൾ തങ്ങളുടെ വസ്ത്രാലങ്കാര പാരമ്പര്യം അഭിമാനത്തോടെയാണ് കാണുന്നത്. രാംരാജ് കോട്ടണിന്റെ ഇതുവരെയുള്ളതിൽ വെച്ച് ഏറ്റവും വലിയ വൈവിധ്യമാർന്ന ഓണം മുണ്ടുകളുടെ ശേഖരമാണ് ഈ മുണ്ടുകളത്തിൽ ഒരുക്കിയിരിക്കുന്നത്. ഓരോ മുണ്ടിലെയും വ്യത്യസ്തമായ കരകളും, വർണ്ണങ്ങളും, നെയ്ത്തുകളും കേരളത്തിന്റെ സാംസ്കാരിക തനിമയെയും കൈത്തൊഴിൽ വിദഗ്ധരുടെ അധ്വാനത്തെയും വിളിച്ചോതുന്നു.

ഒരു പൂക്കളത്തിലെ ഓരോ പൂവും വ്യത്യസ്തമായിരിക്കുന്നത് പോലെയാണ് ഈ മുണ്ടുകളമെന്ന് രാംരാജ് കോട്ടൺ സ്ഥാപകനും ചെയർമാനുമായ കെ.ആർ. നാഗരാജൻ പറഞ്ഞു. കേരളീയരുടെ ഏറ്റവും വലിയ ഉത്സവമായ ഓണത്തിന് ഏറ്റവും മികച്ചതും വൈവിധ്യമാർന്നതുമായ മുണ്ടുകൾ ജനങ്ങൾക്ക് ലഭ്യമാക്കാനാണ് തങ്ങൾ എപ്പോഴും ശ്രമിക്കുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.



# പരമ്പരാഗത നെയ്ത്തുകാരെ സംരക്ഷിച്ച് കൈത്തറി മേഖലയുടെ ആധുനികവത്കരണം സാധ്യമാക്കും: ഡെപ്യൂട്ടി സ്പീക്കർ

**തിരുവനന്തപുരം** കാലത്തിനനുസരിച്ച് കൈത്തറി മേഖലയിൽ സാങ്കേതികവിദ്യയും നവീകരണവും അനിവാര്യമാണെങ്കിലും, തലമുറകളായി കൈകൊണ്ട് നെയ്ത്ത് നടത്തുന്ന പരമ്പരാഗത നെയ്ത്തുകാരുടെ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ടാകും ആധുനികവത്കരണമെന്ന് ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ പറഞ്ഞു. ദേശീയ കൈത്തറി ദിനാഘോഷത്തിന്റെ ഭാഗമായി തിരുവനന്തപുരം വഴുതക്കാട് സുബ്രഹ്മണ്യം ഹാളിൽ സംഘടിപ്പിച്ച സംസ്ഥാനതല കൈത്തറി ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു ഡെപ്യുട്ടി സ്പീക്കർ.

ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തോടും സ്വദേശി പ്രസ്ഥാനത്തോടും ചേർന്നുനിൽക്കുന്ന ദിനമാണ് ദേശീയ കൈത്തറി ദിനമെന്ന് ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു. 1905 ലെ സ്വദേശി പ്രസ്ഥാനത്തിലൂടെ ഇന്ത്യൻ ഉൽപ്പന്നങ്ങളും കൈത്തറി വസ്ത്രങ്ങളും പ്രോത്സാഹിപ്പിച്ച ചരിത്രമാണ് രാജ്യത്തിന്റെ കൈത്തറി പാരമ്പര്യത്തിന് അടിത്തറ പാകിയത്. പുതിയ സാങ്കേതികവിദ്യകൾ തൊഴിലാളികൾക്ക് കൂടുതൽ സൗകര്യവും ഉത്പാദനക്ഷമതയും നൽകുന്നതിനായിരിക്കണം ഉപയോഗിക്കേണ്ടത്.

കൈത്തറി മേഖലയിൽ സ്ത്രീകളുടെ പങ്ക് നിർണായകമാണ്. സ്ത്രീശാക്തീകരണത്തിന്റെ മികച്ച മാതൃകകളിലൊന്നാണ് കൈത്തറി മേഖല. ഓണത്തിന് മുന്നോടിയായി കൈത്തറി മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൂടുതൽ പിന്തുണ ഉറപ്പാക്കുന്നതിനുമായി സർക്കാർ ഇടപെടലുകൾ ശക്തമാക്കും.

മാറുന്ന കാലത്തിനനുസരിച്ച് പുതിയ ഡിസൈനുകളും ഫാഷൻ പ്രവണതകളും ഉൾക്കൊണ്ട് യുവതലമുറയെ ആകർഷിക്കുന്ന കൈത്തറി ഉത്പന്നങ്ങൾ വികസിപ്പിക്കണം. ഓൺലൈൻ വിപണന സാധ്യതകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

കേരളത്തിലെ കൈത്തറി മേഖലയെ ആധുനിക സാങ്കേതികവിദ്യയുമായി ബന്ധിപ്പിക്കുന്നതിൽ 'ഹൈടെക് ഹാൻഡ്‌ലൂം' നാഴികക്കല്ലാകുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. ദേശീയ കൈത്തറി ദിനാഘോഷത്തിന്റെ ഭാഗമായി ചെന്നൈ ഐ ഐ ടി യുടെ സാങ്കേതിക സഹായത്തോടെ വികസിപ്പിച്ച 'ഹൈടെക് ഹാൻഡ്‌ലൂം' പദ്ധതിയുടെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി. പരമ്പരാഗത കൈത്തറി വ്യവസായത്തിന്റെ തനിമയും പാരമ്പര്യവും സംരക്ഷിച്ചുകൊണ്ട് ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഉൽപ്പാദനക്ഷമതയും തൊഴിലാളികളുടെ സൗകര്യവും വർധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കൈത്തറി മേഖലയെ പുതിയ തലമുറയ്ക്ക് കൂടുതൽ ആകർഷകമാക്കാനും മത്സരക്ഷമമാക്കാനും ഇത്തരം സാങ്കേതിക നവീകരണങ്ങൾ സഹായിക്കുമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ മുതിർന്ന കൈത്തറി നെയ്ത്തുകാരെ ഡപ്യൂട്ടി സ്പീക്കർ ആദരിച്ചു. എം വിൻസന്റ് എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ് മുഖ്യപ്രഭാഷണം നടത്തി. തിരുവനന്തപുരം നഗരസഭ കൗൺസിലർ രാഖി രവികുമാർ, ഹാൻടെക്സ് പ്രസിഡന്റ് പെരിങ്ങമ്മല വിജയൻ, ചെന്നൈ ഐ ഐ ടി പ്രൊഫ. ശങ്കർ കൃഷ്ണപിള്ള, ഡബ്ല്യു എസ് സി കണ്ണൂർ ഡെപ്യൂട്ടി ഡയറക്ടർ എം ആനന്ദൻ, ഐ ഐ എച്ച് ടി കണ്ണൂർ എക്സിക്യൂട്ടീവ് ഡയറക്ടർ എൻ ശ്രീധന്യൻ എന്നിവർ ആശംസകൾ നേർന്നു. പത്മശ്രീ വി ഗോപിനാഥൻ, ഹാൻടെക്സ് വൈസ് പ്രസിഡന്റ് വട്ടവിള വിജയകുമാർ, വിവിധ യൂണിയൻ നേതാക്കൾ എന്നിവർ ചടങ്ങിൽ സന്നിഹിതരായി. കൈത്തറി വസ്ത്ര ഡയറക്ടർ ഡോ. കെ എസ് കൃപകുമാർ സ്വാഗതമാശംസിച്ചു. ജില്ലാ വ്യവസായ കേന്ദ്രം തിരുവനന്തപുരം ജനറൽ മാനേജർ ദിനേശ് ആർ നന്ദി രേഖപ്പെടുത്തി.

കൈത്തറി ക്ലസ്റ്ററുകളിൽ വികസിപ്പിച്ച നവീന ഉത്പന്നങ്ങളുടെ പ്രത്യേക പ്രദർശനം, ഐ.ഐ.എച്ച്.ടി. കണ്ണൂർ, കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, വിവിധ കൈത്തറി ക്ലസ്റ്ററുകൾ എന്നിവയുടെ നേതൃത്വത്തിൽ കൈത്തറി വസ്ത്ര ഫാഷൻ ഷോ, 'കേരള കൈത്തറി, പാരമ്പര്യത്തിൽ നിന്ന് ആഗോള ബ്രാൻഡിലേയ്ക്ക്' എന്ന വിഷയത്തിൽ പാനൽ ചർച്ച, കൈത്തറി തൊഴിലാളികളും കുടുംബാംഗങ്ങളും അവതരിപ്പിച്ച കലാപരിപാടികൾ എന്നിവയും ആഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. ഇതിനോടനുബന്ധിച്ച് 'ഹത്കർഘ മേള 2026'ന്റെ ഭാഗമായി സംസ്ഥാന ഓണം കൈത്തറി വസ്ത്ര പ്രദർശനവിപണന മേള ആഗസ്റ്റ് 10 മുതൽ 25 വരെ തിരുവനന്തപുരം കിഴക്കേകോട്ട ശ്രീ ചിത്തിര തിരുനാൾ പാർക്കിൽ നടക്കും.

# ഓണച്ചന്തയിൽ കുതിച്ച് ഏത്തൻ

**പുനലൂർ:** ഓണക്കാലം അടുത്തെത്തുന്നതോടെ വിപണിയിൽ ഏത്തക്കയുടെ വില കുത്തനെ ഉയരുന്നു. ചിപ്സും ശർക്കരവരട്ടിയും നിർമിക്കുന്നതിനായി മൊത്തക്കച്ചവടക്കാർ കൃഷിയിടങ്ങളിൽനിന്ന് നേരിട്ട് ഏത്തക്കുലകൾ വാങ്ങിത്തുടങ്ങിയതോടെയാണ് വിലവർധനയ്ക്ക് ആക്കം കൂടിയത്.

വിപണിയിൽ ഇന്നലെ ഏത്തൻ പച്ചക്കായയ്ക്ക് കിലോയ്ക്ക് 80 രൂപയും പഴുത്തതിന് 90 മുതൽ 95 രൂപ വരെയുമായിരുന്നു വില. വാഴയിനങ്ങളിൽ താരതമ്യേന വിലക്കയറ്റം കുറവായിരുന്ന റോബസ്റ്റയും ഇപ്പോൾ കിലോയ്ക്ക് 60 രൂപയിലെത്തി. ഞാലിപ്പൂവൻ കിലോയ്ക്ക് 100 മുതൽ 110 രൂപ വരെയാണ് വില. ഓണം അടുത്തുവരുന്നതിനാൽ വരുംദിവസങ്ങളിൽ വില വീണ്ടും ഉയരുമെന്നാണ് വ്യാപാരികളും കർഷകരും വിലയിരുത്തുന്നത്.

കാലവർഷക്കെടുതി കാരണം തമിഴ്നാട്ടിലെയും വയനാട്ടിലെയും വാഴ കൃഷികൾക്ക് വലിയ നാശനഷ്ടമുണ്ടായതാണ് ലഭ്യത കുറയുന്നതിലേക്ക് നയിച്ചത്.

ഈ മേഖലകളിൽനിന്നുള്ള ഏത്തക്കായയുടെ വരവ് കാര്യമായി വർധിക്കാത്തപക്ഷം ഏത്തന്റെ വില സർവകാല റെക്കോർഡിലെത്താൻ സാധ്യതയുണ്ടെന്നാണ് വിപണി വിലയിരുത്തൽ.

സൊസൈറ്റി ടുഡേ
SOCIETY TODAY



കല്യാൺ സിൽക്സിന്റെ പുതിയ ആലപ്പുഴ ഷോറൂം ഉദ്ഘാടനം ബഹു. കേന്ദ്ര പെട്രോളിയം, ടൂറിസം സഹമന്ത്രി സുരേഷ് ഗോപിനിർവഹിക്കുന്നു. കല്യാൺ സിൽക്സ് & കല്യാൺ ഹൈപ്പർമാർക്കറ്റ് ചെയർമാൻ ടി.എസ്. പട്ടാഭിരാമൻ, കല്യാൺ സിൽക്സ് മാനേജിങ് ഡയറക്ടർ പ്രകാശ് പട്ടാഭിരാമൻ, കല്യാൺ സിൽക്സ് എക്സിക്യൂട്ടീവ് ഡയറക്ടർ മഹേഷ് പട്ടാഭിരാമൻ, കല്യാൺ ഹൈപ്പർമാർക്കറ്റ് എക്സിക്യൂട്ടീവ് ഡയറക്ടർമാരായ വർദ്ധിനി പ്രകാശ്, മധുമിത മഹേഷ്, ആലപ്പുഴഎം.എൽ.എ. എ.ഡി. തോമസ്, ആലപ്പുഴ മുനിസിപ്പൽചെയർപേഴ്സൺ മോളി ജേക്കബ്, നഗരസഭ പ്രതിപക്ഷ നേതാവ് വി.ജി. വിഷ്ണു, ജില്ല കോർട്ട് വാർഡ് കൗൺസിലർ ഷേർളി ആന്റണിഎന്നിവർ സമീപം.

# കല്യാൺ സിൽക്സിന്റെ പുതിയ ഷോറൂം ആലപ്പുഴയിൽ ആരംഭിച്ചു

**ആലപ്പുഴ:** കല്യാൺ സിൽക്സിന്റെ പുതിയ വലിയ ഷോറൂം ഇനി ആലപ്പുഴയിലും. ആലപ്പുഴ ജില്ല കോടതിക്ക് സമീപം നാല് നിലകളിലായി സ്ഥിതി ചെയ്യുന്ന ഈ നവീന ഷോപ്പിങ് സമുച്ചയത്തിന്റെ ഉദ്ഘാടനം ഓഗസ്റ്റ് 8, ശനിയാഴ്ച രാവിലെ 10.30ന് കേന്ദ്രമന്ത്രി സുരേഷ് ഗോപി നിർവ്വഹിച്ചു. ആലപ്പുഴ എം.എൽ.എ. എ.ഡി. തോമസ്, ആലപ്പുഴ മുനിസിപ്പൽ ചെയർപേഴ്സൺ മോളി ജേക്കബ്, നഗരസഭ പ്രതിപക്ഷ നേതാവ് വി.ജി. വിഷ്ണു, ജില്ല കോർട്ട് വാർഡ് കൗൺസിലർ ഷേർളി ആന്റണി എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു. ഇതോടെ കേരളത്തിലെ 14 ജില്ലകളിലും സ്വന്തം ഷോറൂം എന്ന അഭിമാനകരമായ നേട്ടവും കല്യാൺ സിൽക്സ് സ്വന്തമാക്കി.

വിശാലമായ കാർ പാർക്കിങ് സൗകര്യത്തോടെ അൻപതിനായിരം സ്ക്വയർഫീറ്റിലാണ് കല്യാൺ സിൽക്സിന്റെ 38ാമത് ഷോറൂം ആലപ്പുഴയുടെ മണ്ണിൽ സജ്ജമാക്കിയിരിക്കുന്നത്. സ്വന്തം തറികളിൽ നിന്നുള്ള പട്ടിന്റെ വലിയ കളക്ഷനുകൾ, യുവത്വത്തെ ത്രസിപ്പിക്കുന്ന ഫാഷനിലെ അപൂർവ്വ ശ്രേണികൾ, കിഡ്സ് വെയറിലെയും പാർട്ടി വെയറിലെയും വലിയ സെലക്ഷനുകൾ എന്നിവയെല്ലാം കല്യാൺ സിൽക്സിന് മാത്രം നൽകുവാൻ കഴിയുന്ന ന്യായവിലയിൽ ഇവിടെ ലഭ്യമാണ്. ഗ്രൗണ്ട് ഫ്ളോറിൽ വെസ്റ്റേൺ വെയർ, സൽവാർ സ്യൂട്ട്, ഫുടെയർ, സൺഗ്ലാസസ്, കോസ്മെറ്റിക്സ്, ഇമിറ്റേഷൻ ഓർണമെന്റ്സ് എന്നിവയുടെ വലിയ കളക്ഷനുകളാണ് കാത്തിരിക്കുന്നത്. ഡ്രസിങ് മെറ്റീരിയൽ, ദുപ്പട്ട, ബ്ലൗസസ്, കിഡ്സ് വെയർ, ലോഞ്ചെറി, ടോയ്സ്, ഫർണീഷിങ് എന്നിവയുടെ വലിയ ശേഖരമാണ് ഒന്നാം നിലയിൽ ഉപഭോക്താക്കളെ എതിരേൽക്കുന്നത്. ബ്രൈഡൽ സാരികളുടെ വലിയ ലോകമാണ് രണ്ടാം നില. കാഞ്ചീപുരം, ബനാറസ്, പോച്ചംപള്ളി, ആർണി തുടങ്ങിയ നെയ്ത്തുകേന്ദ്രങ്ങളിലെ കല്യാൺ സിൽക്സിന്റെ സ്വന്തം തറികളിൽ നെയ്തെടുത്ത ലക്ഷക്കണക്കിന് വിവാഹ സാരികളാണ് ഈ ഫ്ളോറിന്റെ സവിശേഷത. ഇതിനു പുറമെ ഗൗൺ, ലഹംഗ എന്നിവയുടെ വലിയ കളക്ഷനുകളും കോട്ടൺ സാരികൾ, ഫാൻസി സാരികൾ, ചുരിദാർ മെറ്റീരിയൽസ് എന്നിവയുടെ എക്സ്ക്ലൂസീവ് ശ്രേണികളും രണ്ടാം നിലയിൽ ലഭ്യമാണ്. മൂന്നാം നിലയിലെ വാതിലുകൾ തുറക്കുന്നത് മെൻസ് വെയറിന്റെ മാസ്മരിക ലോകത്തേക്കാണ്. ജെന്റ്സ് റെഡിമെയ്ഡ്, ജെന്റ്സ് എത്നിക് വെയർ, ഷർട്ടിങ്, സ്യൂട്ടിങ്, ജെന്റ്സ് അണ്ടർഗാർമെന്റ്സ്, ധോത്തി തുടങ്ങി ഒട്ടേറെ വലിയ ശ്രേണികളാണ് 100% ഗുണമേന്മയോടെ മറ്റെങ്ങുമില്ലാത്ത വിലക്കുറവിൽ ഇവിടെ കല്യാൺ സിൽക്സ് കരുതിവെച്ചിരിക്കുന്നത്.

"കിഴക്കിന്റെ വെനീസ് എന്ന് ലോകമെങ്ങും പേരെടുത്ത ആലപ്പുഴയിലേക്ക് കല്യാൺ സിൽക്സ് കടന്നുവന്നപ്പോൾ കേരളത്തിലെ 14 ജില്ലകളിലും സ്വന്തം ഷോറൂം എന്ന വലിയ നേട്ടത്തിലേക്കാണ് ഞങ്ങൾ ചുവടുവെച്ചത്. ഈ നേട്ടം ഒരു അംഗീകാരമാണ്. കേരളത്തിലെ ജനങ്ങൾ ഞങ്ങളിൽ അർപ്പിച്ച വിശ്വാസം സാക്ഷ്യപ്പെടുത്തുന്ന അംഗീകാരം. മറ്റ് ഷോറൂമുകളിൽ നിലവിലുള്ള അതേ സൗകര്യങ്ങളും സവിശേഷതകളും സുതാര്യതയും ആലപ്പുഴയിലെ ഉപഭോക്താക്കൾക്കും നേരിട്ട് നൽകുവാൻ കഴിഞ്ഞത് ഞങ്ങൾക്ക് ഏറെ ചാരിതാർത്ഥ്യം നൽകുന്നു." കല്യാൺ സിൽക്സ് & കല്യാൺ ഹൈപ്പർമാർക്കറ്റ് ചെയർമാൻ ടി.എസ്. പട്ടാഭിരാമൻ പറഞ്ഞു. കൂടുതൽ വിലക്കുറവിൽ ഗുണമേന്മയുള്ള ഉത്പന്നങ്ങളുമായി കല്യാൺ സിൽക്സിന്റെ പുതിയ ഷോറൂം എത്തിയതോടെ ഈ വർഷത്തെ ഓണക്കാല ഓഫറായ 'ഓണക്കോടിക്കൊപ്പം രണ്ട് കോടിയും' എന്ന സമ്മാന പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ ആലപ്പുഴ നിവാസികൾക്ക് ഇനി എളുപ്പത്തിൽ സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## സാങ്കേതികവിദ്യയിൽ കരുത്താർജിച്ച് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ്

**കൊച്ചി:** സാങ്കേതികവിദ്യയിലും ഓട്ടോമേഷനിലും നടത്തിയ തുടർച്ചയായ നിക്ഷേപത്തിന്റെ ഫലമായി സേവിങ്സ് ബിസിനസിലെ കോസ്റ്റ്ടുപ്രീമിയം അനുപാതം 2026-27 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ 13.6 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞതായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് അറിയിച്ചു. ഡിജിറ്റൽ കെവൈസി, എഐ അധിഷ്ഠിത അണ്ടർറൈറ്റിംഗ്, ചാറ്റ്ബോട്ട് സേവനങ്ങൾ, ബഹുഭാഷാ വോയ്സ് അസിസ്റ്റന്റ് എന്നിവ പ്രവർത്തനക്ഷമത വർധിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ചെന്ന് കമ്പനി വ്യക്തമാക്കി. ഇതിലൂടെ പോളിസി വേഗത്തിൽ നൽകാനും ക്ലെയിം തീർപ്പാക്കൽ കാര്യക്ഷമമാക്കാനും ഉപഭോക്താക്കൾക്ക് മികച്ച സേവനാനുഭവം ഉറപ്പാക്കാനും സാധിച്ചതായി ചീഫ് ടെക്നോളജി ഓഫീസർ ഗണേശൻ സൗന്ദിരം പറഞ്ഞു.

## അമിയോ എഡ്ജ് 5 ലിറ്റർ എയർ ഫ്രയർ' അവതരിപ്പിച്ച് ക്രോംപ്റ്റൺ




**കൊച്ചി:** ആരോഗ്യകരമായ പാചകരീതികളിലേക്കുള്ള ഉപഭോക്താക്കളുടെ വർധിച്ചുവരുന്ന താൽപര്യം മുൻനിർത്തി ക്രോംപ്റ്റൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡ് പുതിയ അമിയോ എഡ്ജ് 5 ലിറ്റർ എയർ ഫ്രയർ അവതരിപ്പിച്ചു.

ന്യൂട്രിഗാർഡ് ടെക്നോളജി, എഡ്ജ്ടുഎഡ്ജ് ഡിസൈൻ, മെറ്റൽ ഇന്റീരിയർ, ഓയിൽഫ്രീ കുക്കിംഗ്, 10 പ്രീസെറ്റ് മെനുകളുള്ള ഡിജിറ്റൽ ഡിസ്‌പ്ലേ, സൈലന്റ്പ്രോ ടെക്നോളജി, സീത്രൂ വിൻഡോ എന്നിവയാണ് പ്രധാന സവിശേഷതകൾ. 52 ഡെസിബലിൽ താഴെ ശബ്ദത്തിൽ പ്രവർത്തിക്കുന്ന ഉപകരണം കുറഞ്ഞ എണ്ണയിൽ ഭക്ഷണം പാകം ചെയ്യുന്നതിനൊപ്പം പോഷകാംശം നിലനിർത്താനും സഹായിക്കുമെന്ന് കമ്പനി അറിയിച്ചു. ആരോഗ്യബോധമുള്ള കുടുംബങ്ങളെയും ജോലി ചെയ്യുന്ന പ്രൊഫഷണലുകളെയും ലക്ഷ്യമിട്ട് പുറത്തിറക്കിയ അമിയോ എഡ്ജ് 5 ലിറ്റർ എയർ ഫ്രയർ രാജ്യത്തെ പ്രമുഖ റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ 10,999 രൂപയ്ക്ക് ലഭ്യമാകുമെന്ന് കമ്പനി അധികൃതർ പറഞ്ഞു.

## പ്രശാന്ത് കുമാർ ബാനർജിയ്ക്ക് ഏകാ മൊബിലിറ്റി ഗ്രൂപ്പ് ഹെഡ് പദവി

**പൂനെ:** പ്രമുഖ ഇന്ത്യൻ ഇലക്ട്രിക് കൊമേഴ്സ്യൽ വാഹന നിർമാതാക്കളായ ഏകാ മൊബിലിറ്റി, പ്രശാന്ത് കുമാർ ബാനർജിയെ ഗ്രൂപ്പ് ഹെഡ് – ഗവൺമെന്റ് ആൻഡ് കോർപ്പറേറ്റ് അഫയേഴ്സ് ആയി നിയമിച്ചു. സർക്കാർ ബന്ധങ്ങൾ, കോർപ്പറേറ്റ് അഫയേഴ്സ്, പബ്ലിക് പോളിസി, സിഎസ്ആർ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് അദ്ദേഹം നേതൃത്വം നൽകും.



ഓട്ടോമൊബൈൽ മേഖലയിലെ 36 വർഷത്തിലേറെ അനുഭവമുള്ള ബാനർജി, സൊസൈറ്റി ഓഫ് ഇന്ത്യൻ ഓട്ടോമൊബൈൽ മാനുഫാക്ചറേഴ്സിന്റെ (സിയാം) എക്സിക്യൂട്ടീവ് ഡയറക്ടറായി പ്രവർത്തിച്ചിട്ടുണ്ട്. ടാറ്റ മോട്ടോഴ്സ്, ജാഗ്വർ ലാൻഡ് റോവർ, ഡേവൂ മോട്ടോഴ്സ്, ടൊയോട്ട, ഐഐടി ബോംബെ എന്നിവയിലും വിവിധ ചുമതലകൾ വഹിച്ചിട്ടുണ്ട്.

യുഎൻഇസിഇ ഡബ്ല്യൂ പി .29 ഫോറങ്ങളിൽ 2003 മുതൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്ന അദ്ദേഹം, റോഡ് ഗതാഗതഹൈവേ മന്ത്രാലയത്തിന്റെ പ്രതിനിധിയായി വാഹന നിർമാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട ജിആർഎസ്ജിയുടെ അധ്യക്ഷനുമാണ്.




## ടാറ്റ വാഹനങ്ങൾക്ക് ഓണക്കാലത്ത് 2.25 ലക്ഷത്തിന്റെ ആനുകൂല്യങ്ങൾ

**കൊച്ചി:** ടാറ്റ മോട്ടോഴ്സ് പാസഞ്ചർ വെഹിക്കിൾസ് രാജ്യത്തെ സുരക്ഷിതവും വൈവിധ്യമാർന്നതുമായ കാറുകൾ, എസ്‌യുവികൾ, ഇലക്ട്രിക് വാഹനങ്ങൾ എന്നിവയുടെ ശ്രേണിയിൽ പ്രത്യേക ഓണം ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു.

ഓഗസ്റ്റ് മുഴുവൻ ലഭ്യമാകുന്ന ഓഫറുകളിൽ 2.25 ലക്ഷം രൂപയുടെ വരെ ആനുകൂല്യങ്ങൾ, ബുക്കിംഗുകൾക്ക് മുൻഗണനാ ഡെലിവറി, ആകർഷകമായ ഫിനാൻസ് പദ്ധതികൾ എന്നിവയുണ്ട്. സിയറ ജൂബിലി എഡിഷൻ, നെക്സോൺ ക്യാമോ എഡിഷൻ, പഞ്ച് എച്ച്.ബി.എക്സ്. പാക്ക് എന്നീ പ്രത്യേക പതിപ്പുകളും പുതുതായി അവതരിപ്പിച്ചിട്ടുണ്ട്. ടാറ്റ മോട്ടോഴ്സിന്റെ കാറുകൾ, എസ്‌യുവികൾ, ഇലക്ട്രിക് വാഹനങ്ങൾ എന്നിവയ്ക്കാണു 2.25 ലക്ഷം രൂപ വരെയുള്ള ആനുകൂല്യങ്ങൾ.

കേരളത്തിലെ പ്രധാന കേന്ദ്രങ്ങളിൽ പ്രത്യേക ഫെസ്റ്റീവ് പോപ്പ്അപ്പ് സ്റ്റോറുകൾ ഉണ്ടാകുമെന്ന് ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡിൻറെ ചീഫ് കൊമേഴ്സ്യൽ ഓഫീസർ വിവേക് ശ്രീവത്സ പറഞ്ഞു.

ആൾട്രോസിന് 54,500 രൂപ വരെ ഇളവുണ്ട്. നെക്സോൺ 72,500 വരെ, കർവ് 77,500 വരെ, ഹാരിയർ 47,000 വരെ, സഫാരി 47,000 വരെ എന്നിങ്ങനെയാണ് ഇളവ്. ടാറ്റയുടെ പുതിയ ഇലക്ട്രിക് എസ്‌യുവിയായ സിയറ ഇവി 18.79 ലക്ഷം മുതൽ ലഭിക്കും.

## ഗോപു നന്തിലത്ത് ജിമാർട്ട് ചെറായി ഷോറൂം തുറന്നു

**തൃശൂർ:** ഗൃഹോപകരണഇലക്ട്രോണിക്ഡിജിറ്റൽ വിതരണ ശൃംഖലയായ ഗോപു നന്തിലത്ത് ജിമാർട്ടിൻറെ 60ാമത് ഹൈടെക് ഷോറൂം ചെറായിയിൽ പ്രവർത്തനമാരംഭിച്ചു. ടോണി ചമ്മണി എംഎൽഎ ഉദ്ഘാടനം നിർവഹിച്ചു. ഷൈനി ഗോപു നന്തിലത്ത് ആദ്യവില്പന നിർവഹിച്ചു. പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ഇ.കെ. ജയൻ, വാർഡ് മെംബർ ടി.എസ്. ബാബു, നന്തിലത്ത് ഗ്രൂപ്പ് ചെയർമാൻ ഗോപു നന്തിലത്ത്, ഡയറക്ടർ ഐശ്വര്യ നന്തിലത്ത്, എക്സിക്യൂട്ടീവ് ഡയറക്ടർ അർജുൻ നന്തിലത്ത്, സിഇഒ പി.എ. സുബൈർ, അഡ്മിനിസ്ട്രേറ്റിവ് മാനേജർ എൻ.പി. ജോയ് എന്നിവർ ചേർന്ന് ദീപം തെളിച്ചു.സംസ്ഥാനത്തെ എല്ലാ നന്തിലത്ത് ജിമാർട്ട് ഷോറൂമിലും ഗൃഹോപകരണങ്ങൾക്ക് 70 ശതമാനം വരെ ഡിസ്കൗണ്ടാണു നൽകുന്നത്. ഒപ്പം ലക്കാ ലക്കാ ഓഫറിലൂടെ 2027 ജനുവരി 31 വരെ ഉപയോക്താക്കളിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്ന 25 പേർക്ക് ബംപർ സമ്മാനമായി മാരുതി സുസുക്കി ബലേനോ കാർ, 100 പേർക്ക് ഒരു ഗ്രാം വീതം സ്വർണനാണയം, 100 പേർക്ക് 10 ഗ്രാം വീതമുള്ള ഓരോ വെള്ളിനാണയം, 100 പേർക്ക് എൽഇഡി ടിവി, 100 പേർക്ക് വാഷിംഗ് മെഷീൻ സമ്മാനമായി ലഭിക്കും.



# ഇന്ത്യയിലെ ഏറ്റവും ആകർഷക തൊഴിൽദാതാവായി ഗൂഗിൾ; തൊട്ടുപിന്നിൽ ടാറ്റ ഗ്രൂപ്പും ആമസോണും റാൻഡ്സ്റ്റാഡ് റിപ്പോർട്ട്

**കൊച്ചി:** റാൻഡ്സ്റ്റാഡ് എംപ്ലോയർ ബ്രാൻഡ് റിസർച്ച് 2026 പ്രകാരം ഇന്ത്യയിലെ ഏറ്റവും ആകർഷകമായ തൊഴിൽദാതാവായി ഗൂഗിൾ തിരഞ്ഞെടുക്കപ്പെട്ടു. ടാറ്റ ഗ്രൂപ്പും ആമസോണുമാണ് തൊട്ടുപിന്നിലുള്ളത്. മികച്ച തൊഴിൽ, കരിയർ വളർച്ച, ഉൾക്കൊള്ളൽ, ക്ഷേമം, മികച്ച പ്രതിഫലം എന്നിവ നൽകുന്ന ഒരു 'ബാലൻസ്ഡ് എംപ്ലോയർ' ആണ് ഇന്നത്തെ തൊഴിൽ സേന ലക്ഷ്യമാക്കുന്നതെന്ന് ഇന്ത്യയിലെ ഈ ഗവേഷണത്തിൻറെ പതിനാറാം പതിപ്പ് വ്യക്തമാക്കുന്നു. പ്രമുഖ ടാലൻറ് കമ്പനിയായ റാൻഡ്സ്റ്റാഡ് ഇന്ത്യ പുറത്തിറക്കിയ ഈ സമഗ്ര പഠനത്തിൽ, ഇന്ത്യയിൽ നിന്ന് 3500ഓളം പേരും ആഗോളതലത്തിൽ 1.75 ലക്ഷത്തിലധികം പേരും പങ്കെടുത്തു.

ഇന്ത്യയിൽ തൊഴിൽ മാറുന്നവരുമായി ബന്ധപ്പെട്ട സമ്മർദ്ദം വളരെ കൂടുതലാണെന്ന് ഗവേഷണം സൂചിപ്പിക്കുന്നു, 46 ശതമാനം ആളുകൾ അടുത്ത ആറ് മാസത്തിനുള്ളിൽ ജോലി മാറാൻ പദ്ധതിയിടുമ്പോൾ, 32 ശതമാനം പേർ കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ഇതിനകം ജോലി മാറിയവരാണ്. അതേസമയം, 49 ശതമാനം ആളുകൾ തൊഴിൽജീവിത സന്തുലിതാവസ്ഥയുടെ അഭാവവും 42 ശതമാനം കരിയർ വളർച്ചയില്ലായ്മയും 41 ശതമാനം കുറഞ്ഞ ശമ്പളവും ഒരു സ്ഥാപനം വിട്ടുപോകാനുള്ള പ്രധാന കാരണങ്ങളായി ജീവനക്കാർ ചൂണ്ടിക്കാണിക്കുന്നു.

2020ന് ശേഷമുള്ള കാലഘട്ടം തൊഴിലുടമകളും ജീവനക്കാരും തമ്മിലുള്ള മാനസിക ബന്ധത്തെ അടിസ്ഥാനപരമായി തിരുത്തിയെഴുതിയെന്ന് റാൻഡ്സ്റ്റാഡ് ഇന്ത്യ എംഡി നാരായൺ അയ്യർ പറഞ്ഞു. ജീവനക്കാർ ഇന്ന് ഒറ്റപ്പെട്ട ആനുകൂല്യങ്ങളുടെ അടിസ്ഥാനത്തിലല്ല, മറിച്ച് സമഗ്രമായ തൊഴിൽ അനുഭവമാണ് വിലയിരുത്തുന്നതെന്നും മികച്ച ജീവനക്കാരെ നിലനിർത്തുന്നതിന് സാമ്പത്തിക പ്രതിഫലവും ദൈനംദിന സംതൃപ്തിയും തമ്മിലുള്ള വിടവ് നികത്തേണ്ടത് അത്യാവശ്യമാണെന്നും അദ്ദേഹം വ്യക്തമാക്കി.

തൊഴിൽ സുരക്ഷ, തൊഴിൽ സാഹചര്യം, വർക്കിംഗ് മോഡലുകൾ എന്നിവയെക്കുറിച്ചുള്ള സുപ്രധാന കണ്ടെത്തലുകളും റിപ്പോർട്ട് വെളിപ്പെടുത്തുന്നു. മികച്ച പ്രകടനത്തിനുള്ള അംഗീകാരം, കരിയർ തുടർച്ച, വിശ്വസനീയമായ വേതനം എന്നിവയാണ് തൊഴിൽ സുരക്ഷയുടെ ഏറ്റവും ശക്തമായ അടിസ്ഥാനമായി കണക്കാക്കപ്പെടുന്നത്, മികച്ച തൊഴിൽ അന്തരീക്ഷം ആരോഗ്യകരമായ തൊഴിൽജീവിത സന്തുലിതാവസ്ഥയുടെ പ്രാഥമിക ഘടകമാണെന്ന് 52 ശതമാനം ആളുകൾ അഭിപ്രായപ്പെട്ടു. അതേസമയം, മറ്റ് മേഖലകളിൽ നിന്നും വ്യത്യസ്തമായി ഡിജിറ്റൽ രംഗത്തെ 73 ശതമാനം പ്രൊഫഷണലുകളും തൊഴിൽജീവിത സന്തുലിതാവസ്ഥയെക്കാൾ മികച്ച ശമ്പളത്തിനാണ് മുൻഗണന നൽകുന്നത്.

പൂർണ്ണമായും റിമോട്ട് ആയി ജോലി ചെയ്യുന്നത് 2021ലെ 47 ശതമാനത്തിൽ നിന്ന് 2026ൽ 18 ശതമാനമായി കുറഞ്ഞു, എന്നാൽ 42 ശതമാനം ജീവനക്കാർ ഇപ്പോൾ ഹൈബ്രിഡ് രീതിയാണ് പിന്തുടരുന്നത് എന്നത് ഇത് പുതിയ മാനദണ്ഡമായി മാറിയെന്ന് വ്യക്തമാക്കുന്നു.

# കോട്ടക് കന്യ സ്കോളർഷിപ്പ് 2026: അപേക്ഷ ക്ഷണിച്ചു

കൊച്ചി:സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും അക്കാദമിക് മികവ് പുലർത്തുന്ന ഇന്ത്യയിലെ പെൺകുട്ടികൾക്ക് ഉന്നത പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി കൈത്താങ്ങേകി കോട്ടക് കന്യ സ്കോളർഷിപ്പ് 2026 പ്രഖ്യാപിച്ചു.




കോട്ടക് മഹീന്ദ്ര ഗ്രൂപ്പിന്റെ സി.എസ്.ആർ വിഭാഗമായ കോട്ടക് എജ്യുക്കേഷൻ ഫൗണ്ടേഷൻ (കെ.ഇ.എഫ്) 'വൺ ഇൻ എ മില്യൺ' എന്ന ക്യാമ്പയിന്റെ ഭാഗമായാണ് ഈ വർഷത്തെ സ്കോളർഷിപ്പ് പദ്ധതിക്ക് തുടക്കമിട്ടത്. അധ്യയന വർഷത്തിൽ അർഹരായ 500 പുതിയ വിദ്യാർഥിനികളെയാണ് പദ്ധതിയുടെ ഭാഗമാക്കുന്നത്.

എഞ്ചിനീയറിങ്, എം.ബി.ബി.എസ്, ആർക്കിടെക്ചർ, ഡിസൈൻ, ഇന്റഗ്രേറ്റഡ് എൽ.എൽ.ബി തുടങ്ങി പ്രമുഖ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടിയ പെൺകുട്ടികൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുക. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് കോഴ്സ് പൂർത്തിയാകുന്നത് വരെ പ്രതിവർഷം 1.5 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം ലഭിക്കും.

സാമ്പത്തിക പിന്തുണയ്ക്ക് പുറമെ, വിദഗ്ധരുടെ മെന്ററിംഗ്, കരിയർ ഗൈഡൻസ്, വ്യക്തിത്വ വികസന പരിശീലനം എന്നിവയിലൂടെ വിദ്യാർഥിനികളെ തൊഴിൽസജ്ജരാക്കാനും കെ.ഇ.എഫ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

പ്ലസ് ടു ബോർഡ് പരീക്ഷയിൽ 75 ശതമാനമോ അതിൽ കൂടുതലോ മാർക്ക് നേടിയിട്ടുള്ള, കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ താഴെയുള്ള വിദ്യാർഥിനികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം.

2021ൽ ആരംഭിച്ച ഈ പദ്ധതിയിലൂടെ ഇതിനോടകം 1,525 പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് വഴിയൊരുക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്ത്രീകളുടെ പ്രാതിനിധ്യം കുറവുള്ള മേഖലകളിൽ കൂടുതൽ യുവതികൾക്ക് അവസരം നൽകി ലിംഗസമത്വമുള്ള തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണെന്ന് കെ.ഇ.എഫ് അധികൃതർ വ്യക്തമാക്കി.

# ഡോ റാണി മേനോൻ മാക്സിവിഷൻ ഐ ഹോസ്പിറ്റൽസിന്റെ പുതിയ കേന്ദ്രം അങ്കമാലിയിൽ

**അങ്കമാലി:** ഇന്ത്യയിൽ 96ാമത്തേയും കേരളത്തിൽ 8ാമത്തേയും കേന്ദ്രമായി അങ്കമാലി സെന്റ് ജോർജ് ബസ്ലിക്കയ്ക്ക് സമീപം പ്രവർത്തനമാരംഭിച്ച ഡോക്ടർ റാണി മേനോൻ മാക്സിവിഷൻ ഐ ഹോസ്പിറ്റലിന്റെ ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ നിർവഹിച്ചു. അൻവർ സാദത്ത് എം എൽ എ, അങ്കമാലി നഗരസഭ ചെയർപേഴ്സൺ റീത്ത പോൾ, അങ്കമാലി വാർഡ് കൗൺസിലർ കെ കെ ഷെറിൻ, മുതിർന്ന റേഡിയോളജിസ്റ്റ് ഡോ അമ്പാടി രാമകൃഷ്ണൻ, മാക്സിവിഷൻ ചെയർമാൻ ഡോ ജി എസ് കെ വേലു, ഡോ റാണി മേനോൻ തുടങ്ങിയവർ സംസാരിച്ചു. ഡോ റാണി മേനോൻ മാക്സിവിഷൻ ഐ ഹോസ്പിറ്റലിൽ ഇതിനകം രണ്ടര



ലക്ഷത്തിലധികം രോഗികളെ പരിശോധിച്ചു ചികിത്സ നൽകിയിട്ടുണ്ട്. വിശാലമായ മാക്സിവിഷൻ ശൃംഖലയ്ക്കുള്ളിൽ എൻ എ ബി എച്ച് അംഗീകാരമുള്ള ഈ ഹോസ്പിറ്റൽ അത്യാധുനിക രോഗനിർണയ ശസ്ത്രക്രിയാ സാങ്കേതിക വിദ്യകളെ മികച്ച ക്ലിനിക്കൽ മികവുമായി സംയോജിപ്പിക്കുന്നു. പരിചയസമ്പന്നരായ ഒഫ്താൽമോളജിസ്റ്റുകളുടെയും സബ് സ്പെഷലിസ്റ്റുകളുടെയും മൾട്ടി ഡിസിപ്ലിനറി ടീമിനൊപ്പം ഡോ റാണിമേനോന്റെ നേതൃത്വത്തിൽ ലാസിക്, കോണ്ടൂറ വിഷൻ, തിമിര ശസ്ത്രക്രിയകൾ മുതൽ റെറ്റിന, ഗ്ലോക്കോമ കോർണിയ, പീഡിയാട്രിക് ഓഫ്താൽമോളജി വരെയുള്ള സമഗ്രമായ നേത്ര പരിപാലന സേവനങ്ങൾ ഇവിടെ രോഗികൾക്ക് ലഭ്യമാക്കുന്നു.

അത്യാധുനിക സാങ്കേതികവിദ്യയിലൂടെയും ചികിത്സാരംഗത്തെ മികവിലൂടെയും മികച്ച നേത്രപരിപാലനം എല്ലാവരിലേക്കും എത്തിക്കാനുള്ള കഴിവിനെ അടിസ്ഥാനമാക്കിയാണ് മാക് സിവിഷന്റെ വളർച്ച നേത്രപരിപാലന രംഗത്തെ പ്രമുഖ ക്ലിനിക്കൽ ലീഡർമാരുമായി സഹകരിച്ച് കേരളത്തിലെ എട്ട് കേന്ദ്രങ്ങളിലെ സാന്നിധ്യത്തിന് പുറമേ, ഇന്ത്യയിലെ മറ്റ് ആറ് സംസ്ഥാനങ്ങളിലായി മികച്ച നേത്രപരിപാലനം ലഭ്യമാക്കുമെന്ന് ഞങ്ങൾ ഉറപ്പാക്കുന്നു: എന്നിരുന്നാലും കേരളം ഞങ്ങളുടെ പ്രധാന മുൻഗണനാ മേഖലകളിലൊന്നായി തുടരുന്നു എന്ന് മാക് സിവിഷൻ സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റൽസ് ചെയർമാൻ ഡോ. ജി. എസ്. കെ. വേലു പറഞ്ഞു.

ഞങ്ങളുടെ ഐ ഹോസ്പിറ്റൽ ശൃംഖല പ്രതിവർഷം ഏകദേശം 1 ലക്ഷം രോഗികൾക്ക് സേവനം നൽകുകയും 6,000ത്തിലധികം ശസ്ത്രക്രിയകൾ നടത്തുകയും ചെയ്തുകൊണ്ട് വിശ്വാസയോഗ്യവും രോഗീകേന്ദ്രീകൃതവുമായ നേത്രപരിപാലനം നൽകുന്നതിൽ നിരന്തരം ശ്രദ്ധ കേന്ദ്രീകരിക്കുന്നു, ഈ വിപുലീകരണം ഞങ്ങളുടെ വളർച്ചയിലെ ഒരു നാഴികക്കല്ലാണ്. ഇത് അങ്കമാലിയിലെ ഞങ്ങളുടെ ക്ലിനിക്കൽ ശേഷി ശക്തിപ്പെടുത്താനും സേവനങ്ങൾ വിപുലീകരിക്കാനും അത്യാധുനിക ചികിത്സകൾ രോഗികൾക്ക് ലഭ്യമാക്കാനും സഹായിക്കും. ഡോ. റാണി മേനോൻ മാക് സിവിഷൻ ഐ ഹോസ്പിറ്റൽസ് സ്ഥാപകയും ചീഫ് സർജനുമായ ഡോ. റാണി മേനോൻ പറഞ്ഞു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com